REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-01-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- 76-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ന്യൂഡൽഹിയിൽ എത്തി.
- റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന വിവിധ വിഭാഗങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തും.
- പതിനെട്ടു വയസിനു താഴെ പ്രായക്കാരായ കുട്ടികൾ പഠനം നിർത്തി മറ്റു ജോലിക്കു പോകുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ.
- മലപ്പുറം ഊർങ്ങാട്ടിരിയിൽ കിണറ്റിൽ വീണ കാട്ടാനയെ രക്ഷപ്പെടുത്തി.
- അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ശ്രീലങ്കയെ തോൽപ്പിച്ച് ഇന്ത്യ നോക്കൗട്ടിൽ.
- ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും.

## വാർത്തകൾ വിശദമായി

**76-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. മറ്റന്നാൾ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ഇന്നലെ രാത്രി ന്യൂഡൽഹിയിൽ എത്തി. നാല് ദിവസത്തെ സന്ദർശനത്തിനിടെ ഇന്തോനേഷ്യൻ പ്രസിഡന്റ് രാഷ്ട്രപതി ദ്രൗപതി**

മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണത്തിലും ഇന്തോനേഷ്യൻ പ്രസിഡന്റ് പങ്കെടുക്കും.

✪✪✪

അതിനിടെ, റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന NCC കേഡറ്റുകൾ, NSS വോളന്റിയർമാർ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ളോ ആർട്ടിസ്റ്റുകൾ, ആദിവാസി അതിഥികൾ തുടങ്ങിയവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അദ്ദേഹത്തിന്റെ വസതിയിൽ കൂടിക്കാഴ്ച നടത്തും.

റിപ്പബ്ലിക് ദിന പരേഡിനെ കുറിച്ച് ന്യൂസ് ഡെസ്ക്ക് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്)...

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും സൈനിക വൈഭവവും വിളിച്ചോതുന്നതായിരിക്കും ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡ്. ഭരണഘടനയും ജൻഭാഗീദാരിയും നടപ്പിലാക്കിയതിന്റെ 75 -ാം വാർഷികത്തിന് പരേഡ് പ്രത്യേക ശ്രദ്ധ നൽകും.

വിവിധ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, കേന്ദ്ര ഗവൺമെന്റ് മന്ത്രാലയങ്ങൾ/വകുപ്പുകൾ എന്നിവയുടെ 31 ടാബ്ളോകൾ പരേഡിൽ പങ്കെടുക്കും. "സ്വർണിം ഭാരത്: വിരാസത് ഔർ വികാസ്" എന്ന വിഷയം പരേഡിൽ പ്രദർശിപ്പിക്കും.

ഇന്ത്യൻ ഭരണഘടനയുടെ 75 വർഷം പ്രതിപാദിക്കുന്ന രണ്ട് ടാബ്ലോകളാണ് പരേഡിൽ അണിനിരക്കുന്നത്. ഭഗവാൻ ബിർസ മുണ്ടയുടെയും സർദാർ വല്ലഭായ് പട്ടേലിന്റെയും ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെയും 150-ാം ജന്മവാർഷികമായിരിക്കും പരേഡിന്റെ മറ്റ് പ്രത്യേകതകൾ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 300 സാംസ്കാരിക കലാകാരന്മാർ 'സാരെ ജഹാൻ സേ അച്ഛാ' വാദ്യോപകരണങ്ങൾ വായിക്കും.

പ്രധാനമന്ത്രി വിശ്വകർമ പദ്ധതിയിലെ 100 ഗുണഭോക്താക്കളും അവരുടെ പങ്കാളികളും പരേഡിൽ പങ്കെടുക്കും. ഇതിൽ 37 ഗുണഭോക്താക്കൾ സ്ത്രീകളാണ്.

റിപ്പബ്ലിക് ദിന പരേഡ് കാണാൻ വിവിധ മേഖലകളിൽ നിന്നായി 10,000 ത്തോളം വിശിഷ്ടാതിഥികളെയാണ് ക്ഷണിച്ചിരിക്കുന്നത്. ഇതിൽ 150 ഓളം പേർ കേരളത്തിൽ നിന്നാണ്.

✪✪✪

ധനമന്ത്രി നിർമല സീതാരാമൻ കേന്ദ്ര ബജറ്റ് തയ്യാറാക്കൽ പ്രക്രിയയുടെ അവസാന ഘട്ടമായ ഹൽവ ചടങ്ങ് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കും. ചടങ്ങിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയും, സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. ധനമന്ത്രാലയത്തിലെ അടച്ചിടലിന് തുടക്കം കുറിക്കുന്നതാണ് ഹൽവ ചടങ്ങ്. അതിനുശേഷം ഒരു ഉദ്യോഗസ്ഥനും മന്ത്രാലയ കോമ്പൗണ്ടിൽ നിന്ന് പുറത്തുപോകാൻ അനുവാദമില്ല.

അടുത്ത സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് അടുത്ത മാസം ഒന്നിന് പാർലമെന്റിൽ അവതരിപ്പിച്ചതിന് ശേഷമേ ബജറ്റ് സംഘത്തിന് പുറത്തു പോകാൻ കഴിയൂ.

✪✪✪

ദേശീയ നഗര സഹകരണ ധനകാര്യ വികസന കോർപ്പ റേഷന്റെ കോർപ്പറേറ്റ് ഓഫീസ് കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ "ശേഖർ സേ സമൃദ്ധി" കാഴ്ച്ചപ്പാട് അടിസ്ഥാനമാക്കി സഹകരണ മേഖലയിലെ നിരവധി സുപ്രധാന സംരംഭങ്ങൾക്കും ഇന്ന് തുടക്കമിടും. അന്താരാഷ്ട്ര സഹകരണ വർഷമായ 2025 ന്റെ പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടറും അദ്ദേഹം പ്രകാശനം ചെയ്യും.

✪✪✪

വഖഫ് ഭേദഗതി ബില്ലിന്മേൽ സംയുക്ത പാർലമെന്ററി സമിതി ഇന്നും നാളെയും ഡൽഹിയിൽ നിയമത്തിന്റെ വകുപ്പ് തിരിച്ച് ചർച്ച നടത്തും. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ അവസാന ദിവസം അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മാസം 31ന് ആരംഭിക്കുന്ന പാർലമെന്റ് ബജറ്റ് സമ്മേളനം ഏപ്രിൽ നാലിനാണ് സമാപിക്കുന്നത്.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് കോഴിക്കോട്ട് വിവിധ ചടങ്ങുകളിൽ സംബന്ധിക്കും. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരുടെ ഓർമ്മയ്ക്കായി പുത്തഞ്ചേരിയിൽ നിർമിച്ച

യുദ്ധസ്മാരക മന്ദിരം അദ്ദേഹം നാടിന് സമർപ്പിക്കും. MT വാസുദേവൻ നായരുടെ വസതിയും സുരേഷ് ഗോപി സന്ദർശിക്കും.

✪✪✪

പതിനെട്ടു വയസിനു താഴെ പ്രായക്കാരായ ഒരു കുട്ടി പോലും പഠനം നിർത്തി മറ്റു ജോലിക്കു പോകുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചു.

ബാലനീതി, വിദ്യാഭ്യാസ അവകാശം, പോക്സോ എന്നീ നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കോട്ടയം ജില്ലയിലെ കർത്തവ്യ വാഹകരുടെ അവലോകന യോഗത്തിൽ കമ്മീഷൻ അംഗങ്ങളായ ഡോ.എഫ്. വിൽസൺ, ജലജാചന്ദ്രൻ എന്നിവരാണ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയത്.

സ്കൂൾ വാഹനങ്ങളിൽ അനുവദിച്ചതിലധികം കുട്ടികളെ കയറ്റുന്നുണ്ടോ എന്നതടക്കം കാര്യങ്ങൾ പരിശോധിക്കണമെന്ന് മോട്ടോർ വാഹനവകുപ്പിനും കമ്മീഷൻ നിർദ്ദേശം നൽകി.

✪✪✪

മുക്കാളി റെയിൽവേ സ്റ്റേഷൻ പ്രവർത്തനം നിർത്തലാക്കില്ലെന്ന് പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ അരുൺ കുമാർ ചതുർവേദി ഉറപ്പു നൽകിയതായി ഷാഫി പറമ്പിൽ MP അറിയിച്ചു. ഡിവിഷൻ ഓഫിസിൽ നടന്ന കൂടി കാഴ്ചയിലാണ് ഈ ഉറപ്പ് ലഭിച്ചതെന്ന് ഷാഫി പ്രസ്താവനയിൽ പറഞ്ഞു.

കോഴിക്കോട്-മംഗലാപുരം റൂട്ടിൽ കൂടുതൽ ട്രെയിനുകൾ അനുവദിക്കുന്നതും, സമയ ക്രമീകരണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ കൂടി പരിഗണിച്ച് നിർത്തലാക്കിയ സ്റ്റോപ്പ് പുനഃസ്ഥാപിക്കുന്ന കാര്യവും ചർച്ചയായെന്നും അദ്ദേഹം പറഞ്ഞു.

സേലം ഡിവിഷൻ അധികാരികളുമായി ചർച്ച ചെയ്ത ശേഷം ഇക്കാര്യങ്ങളിൽ അനുകൂലമായ തീരുമാനം എടുക്കുന്നതിന് പരിശ്രമിക്കാമെന്ന് DRM ഉറപ്പ് നൽകിയതായും ഷാഫി പറമ്പിൽ പറഞ്ഞു.

✪✪✪

മലപ്പുറം ഊർങ്ങാട്ടിരിയിൽ കിണറ്റിൽ വീണ കാട്ടാനയെ രക്ഷപ്പെടുത്തി. 21 മണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിലാണ് ആനയെ രക്ഷപ്പെടുത്തിയത്. ജെസിബി ഉപയോഗിച്ച് കിണർ പൊളിച്ച്

വഴിയൊരുക്കിയാണ് ആനയെ കരക്കെത്തിച്ചത്. കാട്ടാന അകപ്പെട്ട കിണറിന്റെ ഉടമക്ക് ഒന്നര ലക്ഷം രൂപ നഷ്ടപരിഹാരം നൽകും.

പ്രദേശത്ത് കാട്ടാനശല്യം വ്യാപകമായി തുടരുന്നതിനിടെ ഇന്നലെ പുലർച്ചെ ഒരു മണിയോടെയാണ് വെറ്റിലപ്പാറ സ്വദേശി സണ്ണിയുടെ കൃഷിയിടത്തിലെ 25 അടി താഴ്ചയുള്ള കിണറ്റിൽ കാട്ടാന വീണത്. നിരന്തരമായി പ്രദേശത്ത് കാട്ടാന ഇറങ്ങുന്നതിന് ശാശ്വത പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ പ്രതിഷേധിച്ചിരുന്നു. കർഷകരായ പ്രദേശവാസികൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ നാളെ രാവിലെ ചർച്ച നടത്തും.

✪✪✪

തലശ്ശേരി മലബാർ കാൻസർ സെന്റർ പി ജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്ക് നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിക്കും. 97 കോടി 55 ലക്ഷം രൂപ ചെലവഴിച്ച് നാല് നിലകളിലായി നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ അത്യാധുനിക ചികിത്സാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

✪✪✪

മന്ത്രി MB രാജേഷിന്റെ നേതൃത്വത്തിൽ ഇന്ന് രാവിലെ കോഴിക്കോട്ട് അവലോകനയോഗം ചേരും. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും ജില്ലാതല ഉദ്യോഗസ്ഥരും തളി, ജൂബിലി ഹാളിൽ ചേരുന്ന അവലോകന യോഗത്തിൽ പങ്കെടുക്കും.

✪✪✪

അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് A യിൽ മൂന്നാം മത്സരത്തിൽ ശ്രീലങ്കയെ 60 റൺസിന് തോൽപ്പിച്ച് നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ എതിരില്ലാതെ നോക്കൗട്ടിൽ പ്രവേശിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഒൻപത് വിക്കറ്റിന് 118 റൺസെടുത്തു. മറുപടി ബാറ്റിംഗിൽ ശ്രീലങ്കയ്ക്ക് ഒൻപത് വിക്കറ്റിന് 58 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

ഇതോടെ ഗ്രൂപ്പിലെ മൂന്നു മത്സരങ്ങളിലും ജയിച്ച ഇന്ത്യ ആറ് പോയിന്റോടെ പോയിന്റു പട്ടികയിൽ ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

ഹൈദരാബാദിൽ ഇന്നലെ നടന്ന മത്സരത്തിൽ ഹൈദരാബാദ് FC, രണ്ടിനെതിരെ മൂന്ന് ഗോളിന് ജംഷഡ്പൂർ FC യെ തോൽപ്പിച്ചു.

✪✪✪

ഐലീഗ് ഫുട്ബോളിൽ ഗോകുലം കേരള രാത്രി ഏഴിന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഇന്റർകാശിയെ നേരിടും. ഗോകുലം പട്ടികയിൽ ഇപ്പോൾ അഞ്ചാം സ്ഥാനത്താണ്.

മത്സരം കാണാൻ സ്ത്രീകൾക്ക് ഇന്ന് സ്റ്റേഡിയത്തിൽ സൗജന്യ പ്രവേശനം അനുവദിക്കും.

✪✪✪

ഓൾ ഇന്ത്യാ ഇലക്ട്രിസിറ്റി സ്പോർട്സ് കൺട്രോൾ ബോർഡ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച 46-മത് ഫുട്ബോൾ ടൂർണ്ണമെന്റിൽ KSEB ജേതാക്കളായി. ഫൈനലിൽ കേരളം വെസ്റ്റ് ബംഗാളിനെ ഏതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ജേതാക്കളായത്.

✪✪✪

2024-25 വർഷത്തെ സംസ്ഥാന വനമിത്ര അവാർഡുകൾ മന്ത്രി A.K ശശീന്ദ്രൻ തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു.

പ്രകൃതിസംരക്ഷണത്തിലും ജൈവവൈവിധ്യ സംരക്ഷണത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി ജില്ലാടിസ്ഥാനത്തിലാണ് വനമിത്ര അവാർഡുകൾ നൽകുന്നത്. 25,000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 68 കാവുകൾക്ക് സംരക്ഷണത്തിനായി ഗവൺമെന്റ് ധനസഹായം പ്രഖ്യാപിച്ചു.

ആലപ്പുഴയിൽ പത്തും, കാസർഗോഡ് എട്ടും, തിരുവനന്തപുരം , കൊല്ലം, കണ്ണൂർ ജില്ലകളിൽ ഏഴു വീതവും, കോഴിക്കോട് ആറും, എറണാകുളം, മലപ്പുറം ജില്ലകളിൽ അഞ്ചു വീതവും, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ നാലു വീതവും, വയനാട് മൂന്നും, പാലക്കാട് രണ്ടും കാവുകൾക്കാണ് ധനസഹായം പ്രഖ്യാപിച്ചത്.

✪✪✪

സംസ്ഥാനത്തെ ഡിജിറ്റൽ സർവേ പദ്ധതിയായ 'എന്റെ ഭൂമി' രാജ്യത്തിന് മുഴുവൻ മാതൃകയാണെന്ന് മന്ത്രി K രാജൻ പറഞ്ഞു. സംസ്ഥാന സർവ്വേ ഡയറക്ടറേറ്റ് പുതുച്ചേരി സർവേ ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ശുദ്ധജലം കൃത്യതയോടെ ഉപയോഗിക്കുന്നതിനും, മലിനപ്പെടുത്താതെ കരുതലോടെ കൈകാര്യം ചെയ്യുന്നതിനും പൊതുജനങ്ങളിൽ അവബോധമുണ്ടാകണമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

കേന്ദ്ര ജലശക്തി മന്ത്രാലയം ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഏഴാമത് MI സെൻസസ്, രണ്ടാമത് വാട്ടർ ബോഡി സെൻസസ് എന്നിവയുടെ സംസ്ഥാനതല പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരള, കൊല്ലം ജില്ലയിലെ ചവറ IREL ലിമിറ്റഡുമായി സഹകരിച്ച് ഈ വർഷത്തെ നൈപുണ്യ പരിശീലനത്തിന് കരാറിൽ ഒപ്പുവെച്ചു. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി IREL ന്റെ ഖനന മേഖലയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് CSR ഫണ്ട് ഉപയോഗിച്ച് നൈപുണ്യ പരിശീലനം നൽകാനാണ് ധാരണ. നഴ്സിങ് മേഖലയിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് കോഴ്സിലാണ് പരിശീലനം നൽകുക.

✪✪✪

സൈബർ സെക്യൂരിറ്റി മേഖലയിലെ നൈപുണ്യ പരിശീലനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയും, അമേരിക്കൻ സൈബർ സെക്യൂരിറ്റി കമ്പനിയായ ഫോർട്ടിനെറ്റും തമ്മിൽ ധാരണയായി. സൈബർ സെക്യൂരിറ്റി മേഖലയിലെ ലോകോത്തര സർട്ടിഫിക്കേഷനുകളെപ്പറ്റി ബോധവൽക്കരണവും അവ നേടുന്നതിന്

**പരിശീലനവും നൽകുന്നതിലൂടെ ഈ മേഖലയിലെ നൈപുണ്യവിടവ് നികത്തുക എന്നതാണ് ലക്ഷ്യംവെക്കുന്നത്.**

✪✪✪

**കേന്ദ്രാവിഷ്കൃത പദ്ധതി പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എല്ലാവരുടെയും സഹകരണമുണ്ടാകണമെന്ന് ET മുഹമ്മദ് ബഷീർ MP പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മലപ്പുറം ജില്ലാതല കോ-ഓർഡിനേഷൻ ആന്റ് മോണിട്ടറിങ് കമ്മിറ്റി -ദിശ- യുടെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്തതിന്റെ പേരിൽ ഫണ്ടുകൾ മുടങ്ങുന്ന അവസ്ഥയുണ്ടാകരുതെന്നും അദ്ദേഹം പറഞ്ഞു.**

**വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി യോഗം അവലോകനം ചെയ്തു.**

✪✪✪

---

*News Editor : ചന്ദ്രബാബു*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: ശരണ്യ രാജൻ*
*DEO : ഷീബ*